**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് പുതുതായി കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും ഇനി എത്രപേർക്ക് ലഭിക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതി മുഖാന്തിരം സംസ്ഥാനത്ത് 03.10.2024 വരെ നൽകിയ കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു<br><br>തിരുവനന്തപുരം-276120<br><br>കൊല്ലം- 293743<br><br>പത്തനംതിട്ട- 89776<br><br>കോട്ടയം-112774<br><br>ആലപ്പുഴ- 166278<br><br>എറണാകുളം- 148515<br><br>ഇടുക്കി- 38556<br><br>തൃശ്ശൂർ- 127863<br><br>പാലക്കാട്- 225935,<br><br>മലപ്പുറം- 215069,<br><br>കോഴിക്കോട്- 114494<br><br>വയനാട്- 27393<br><br>കണ്ണൂർ- 162569<br><br>കാസർഗോഡ്- 39645<br><br>ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം<br><br>തിരുവനന്തപുരം-248074<br><br>കൊല്ലം- 153187<br><br>പത്തനംതിട്ട-183395 |

| | | | |
|---|---|---|---|
| | | | കോട്ടയം-260719<br>ആലപ്പുഴ- 212074<br>എറണാകുളം- 197952<br>ഇടുക്കി- 202705<br>തൃശ്ശൂർ- 310971<br>പാലക്കാട്-271345<br>മലപ്പുറം-437882<br>കോഴിക്കോട്- 411665<br>വയനാട്- 121551<br>കണ്ണൂർ-214417<br>കാസർഗോഡ്-180675 |
| (ബി) | ജൽ ജീവൻ മിഷൻ മുഖാന്തിരം ഇതിനോടകം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ മുഖാന്തിരം ഇതിനോടകം 90 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ള വാമനപുരം മണ്ഡലത്തിൽ എത്ര പേർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് ഇനി ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ; | (സി) | വാമനപുരം മണ്ഡലത്തിൽ 64265 പേർക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 31798 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. ഇനി 32467 പേർക്ക് കണക്ഷൻ നൽകാനുമുണ്ട്. ടി പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (ഡി) | മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | സമ്പൂർണ കുടിവെള്ള കണക്ഷൻ നൽകുവാനായി ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ ചില റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ഇ) | മണ്ഡലത്തിൽ പല സ്ഥലങ്ങളിലും പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (ഇ) | പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കുന്ന തിനുള്ള തുക ഉൾപ്പെടുത്തിക്കൊണ്ട് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ പ്രവർത്തികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് റെസ്റ്റോറേഷൻ പ്രവർത്തികൾ അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ഭരണാനുമതി പ്രകാരമുള്ള റോഡ് പുനഃസ്ഥാപന പ്രവർത്തി നടത്തുകയാണെങ്കിൽ പ്രവർത്തി പൂർത്തീകരിച്ച ബില്ല് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്റെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ